**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035
ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in
ഇ-മെയിൽ: dhskerala@gmail.com, dhskerala.hsd@kerala.gov.in

---

## ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ - വിജിലൻസ് - പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II ആയ ശ്രീ. അനന്തൻ. ടി (PEN : 758710) യുടെ 15/03/2024 മുതലുള്ള അനധികൃത ഹാജരില്ലായ്മ - അച്ചടക്ക നടപടി - ടി ജീവനക്കാരനെ സർവ്വീസിൽ നിന്നും നീക്കം ചെയ്തു കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- (1) കത്ത് നം. എ6/1821/2024/ജി. മെ. ആ. പാലക്കാട്, തീയതി 22/04/2024.

(2) 29/06/2024 തീയതിയിലെ ആ.വ.ഡ./14996/2024-ഇസി.1. നമ്പർ കുറ്റാരോപണ മെമ്മോയും, കുറ്റാരോപണ പത്രികയും.

(3) കത്ത് നം. എ6/1821/2024/ജി. മെ. ആ. പാലക്കാട്, തീയതി 22/08/2024.

(4) ഉത്തരവ് നമ്പർ ആ.വ.ഡ./14996/2024-ഇ.സി.1 , തീയതി 17/01/2025.

(5) അന്വേഷണ ഉദ്യോഗസ്ഥയായ അഡീഷണൽ ഡയറക്ടർ (വിജിലൻസ്) സമർപ്പിച്ച ഔപചാരികാന്വേഷണ റിപ്പോർട്ട്.

(6) 06/12/2025 തീയതിയിലെ, ആ.വ.ഡ./14996/2024-ഇ.സി.1 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

(7) കത്ത് നം. എ6/974/2023/ജി. മെ. ആ. (ആ) പാലക്കാട്, തീയതി

27/01/2026.

<u>ഉത്തരവ് നമ്പർ ആ.വ.ഡ./14996/2024 -ഇസി.1, തീയതി: 25-05-2026</u>

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II ആയ ശ്രീ. അനന്തൻ. ടി (Anandhan. T - PEN : 758710), 15/03/2024 മുതൽ അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ചതായി, നിശ്ചിത പ്രഫോർമയിൽ, പരാമർശം (1) പ്രകാരം, പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനെ തുടർന്ന്, പരാമർശം (2) പ്രകാരം, 1960 - ലെ കെ.സി.എസ് (സി.സി ആന്റ് എ) ചട്ടം 15 അനുസരിച്ച്, കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകി ടി ജീവനക്കാരനെതിരെ അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

(2) പ്രസ്തുത കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. അനന്തൻ. ടി, സമർപ്പിച്ച പ്രതിവാദ പത്രിക, പരാമർശം (3) പ്രകാരം, പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയിരുന്നു. പ്രതിവാദ പത്രികയിൽ, അനധികൃത ഹാജരില്ലായ്മയ്ക്ക് വ്യക്തമായ കാരണം ബോധിപ്പിക്കുവാൻ ടി ജീവനക്കാരന് സാധിച്ചിരുന്നില്ല. ആയതിനാൽ ടി പ്രതിവാദ പത്രിക തൃപ്തികരമായിരുന്നില്ല.

(3) ശ്രീ. അനന്തൻ. ടി സമർപ്പിച്ച പ്രതിവാദ പത്രികയിലെ, പ്രതിവാദം തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ, 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും), ചട്ടങ്ങളിലെ, ചട്ടം 15 പ്രകാരം, ഔപചാരികാന്വേഷണത്തിന് അന്വേഷണ ഉദ്യോഗസ്ഥയായി, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) - നെ ചുമതലപ്പെടുത്തി, പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. ഔപചാരിക അന്വേഷണത്തിന്, സാക്ഷികളോ, രേഖകളോ സഹിതം 25/03/2025-ന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നേരിട്ട് ഹാജരാകാൻ, ടിയാന് പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം അറിയിപ്പ് നൽകുകയും, ഔപചാരിക അന്വേഷണം അന്നേ ദിവസം നടത്തുകയുമുണ്ടായി.

(4) അന്വേഷണ ഉദ്യോഗസ്ഥയായ അഡീഷണൽ ഡയറക്ടർ (വിജിലൻസ്)

പരാമർശം (5) പ്രകാരം ഔപചാരികാന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിൽ, പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II ആയ ശ്രീ. അനന്തൻ. ടി (PEN : 758710), 15/03/2024 മുതൽ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിൽക്കുന്നു എന്ന കുറ്റം ചെയ്തതായി തെളിയിക്കപ്പെട്ടതായും, ടിയാന് നൽകിയ കുറ്റപത്രത്തിലെ ചാർജുകൾ തെളിഞ്ഞിട്ടുള്ളതായും കണ്ടെത്തി റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ, ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ സ.ഉ. (അച്ചടി) നം.55/2020/ആ.കു.വ., തീയതി: 16.09.2020 ഉത്തരവിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതിൻ പ്രകാരം, സർവ്വീസിൽ പുനഃപ്രവേശിക്കുന്നതിന് അനുമതി തേടിക്കൊണ്ട് നിർദ്ദിഷ്ട ബോണ്ട് ശ്രീ. അനന്തൻ. ടി., ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II നാളിതുവരെ സമർപ്പിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

(5) ശ്രീ. അനന്തൻ. ടി, അനധികൃതമായി സർവ്വീസിൽ നിന്ന് വിട്ടു നിൽക്കുന്നതിനാലും, ടിയാന് നൽകിയ കുറ്റപത്രത്തിലെ ചാർജുകൾ തെളിഞ്ഞിട്ടുള്ളതിനാലും, സർവീസിൽ പുനഃ പ്രവേശിക്കുന്നതിനായി നിശ്ചിത ബോണ്ട് സമർപ്പിക്കുവാൻ തയ്യാറാകാത്തതിനാലും, 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും), ചട്ടങ്ങളിലെ, ചട്ടം 15 പ്രകാരം, ടിയാന് കടുത്ത ശിക്ഷ നൽകുന്നതിനുള്ള അച്ചടക്ക നടപടികൾ തുടരാവുന്നതും, ടിയാനെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണെന്നും, അന്വേഷണ ഉദ്യോഗസ്ഥ ശിപാർശ ചെയ്യുകയും, ആരോഗ്യ വകുപ്പ് ഡയറക്ടർ ആയത് അംഗീകരിക്കുകയും ചെയ്തിരുന്നു.

(6) അനധികൃത ഹാജരില്ലായ്മ എന്ന ഗൗരവമായ ചാർജ് ഔപചാരികാന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ളതിനാലും, ടിയാന് അതിനെതിരെ നിലനിൽക്കുന്ന വാദഗതികളൊന്നും സമർപ്പിക്കുവാൻ കഴിയാത്തതിനാലും, 1960- ലെ കെ. സി. എസ്. (സി.സി.&എ) ചട്ടങ്ങളിലെ ചട്ടം 11 (1) (vii) പ്രകാരം ശ്രീ. അനന്തൻ. ടി, യെ 15/03/2024 തീയതി പ്രാബല്യത്തിൽ, സർവീസിൽ

നിന്നും നീക്കം ചെയ്യുന്നതിന് (Removal from Service) താൽക്കാലികമായി തീരുമാനിച്ച്, പരാമർശം (6) പ്രകാരം, കാരണം കാണിക്കൽ നോട്ടീസ് ടിയാന് നൽകിയിരുന്നു. ഔപചാരികാന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും അതോടൊപ്പം ടിയാന് നൽകിയിരുന്നു.

(7) മേൽ കാരണം കാണിക്കൽ നോട്ടീസിന്, ശ്രീ. അനന്തൻ. ടി, ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II നൽകിയ മറുപടി, പരാമർശം (7) പ്രകാരം, പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയിരുന്നു. ടിയാൻ സർവീസിൽ പുനഃ പ്രവേശിക്കുവാൻ തയാറാണെന്നും എന്നാൽ നിശ്ചിത ബോണ്ടിൽ ജാമ്യക്കാരനായി നിൽക്കുവാൻ ആരും തന്നെ ഇല്ല എന്നും ആയതിൽ അറിയിച്ചിരുന്നു. ആയതിനാൽ ജാമ്യക്കാരൻ വേണമെന്ന നിബന്ധന ഒഴിവാക്കി സർവീസിൽ പുനഃ പ്രവേശിപ്പിക്കണമെന്നു ടിയാൻ അഭ്യർ ത്ഥിച്ചിരുന്നു. എന്നാൽ, കാരണം കാണിക്കൽ നോട്ടീസിന്, ശ്രീ. അനന്തൻ. ടി, നൽകിയ മറുപടി തൃപ്തികരമല്ലെന്ന് പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിരുന്നു.

(8) 1960 - ലെ കെ.സി.എസ് (സി.സി ആന്റ് എ) ചട്ടം 15 അനുസരിച്ചുള്ള ഔപചാരികാന്വേഷണത്തിൽ, ടിയാന്റെ പ്രവർത്തന മേഖലയിൽ തികഞ്ഞ അച്ചടക്ക ലംഘനം, അനധികൃത ഹാജരില്ലായ്മ എന്നിവ കണ്ടെത്തിയിരുന്നു. ശ്രീ. അനന്തൻ. ടി, ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II ന്റെ മേൽ പ്രവൃത്തികൾ, ഗുരുതരമായ കൃത്യവിലോപവും, ഔദ്യോഗിക സ്വഭാവ ദൂഷ്യവും, കടുത്ത അച്ചടക്ക ലംഘനവും, സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ട ലംഘനവും, കടുത്ത ശിക്ഷ അർഹിക്കുന്ന കുറ്റവുമാണ്. കൂടാതെ, സ.ഉ.(അച്ചടി) നം.55/2020/ആ.കു.വ., തീയതി: 16.09.2020 ഉത്തരവിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതിൻ പ്രകാരം, സർവ്വീസിൽ പുനഃപ്രവേശിക്കുന്നതിന് അനുമതി തേടിക്കൊണ്ട് നിർദ്ദിഷ്ട ബോണ്ട് സമർപ്പിക്കുന്നതിനും ടിയാൻ തയ്യാറായിട്ടില്ല.

(7) മേൽ സാഹചര്യത്തിൽ, 15/03/2024 മുതൽ അനധികൃത ഹാജരില്ലായ്മയിൽ തുടർന്ന് വരുന്ന, പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്ക്

ആസ്ഥാന ആശുപത്രിയിലെ ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II ആയ ശ്രീ. അനന്തൻ. ടി (PEN : 758710) യെ, 1960- ലെ കെ. സി. എസ്. (സി.സി.&എ) ചട്ടങ്ങളിലെ ചട്ടം 11 (1) (vii) പ്രകാരം, ടിയാൻ അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ച 15/03/2024 തീയതി പ്രാബല്യത്തിൽ, സർവ്വീസിൽ നിന്നും നീക്കം ചെയ്തു കൊണ്ട് (Removal from Service) ഇതിനാൽ ഉത്തരവാകുന്നു. ഇപ്രകാരം, ശ്രീ. അനന്തൻ. ടി, ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് - II നെതിരെയുള്ള അച്ചടക്ക നടപടിയും തീർപ്പാക്കി ഉത്തരവാകുന്നു.

Digitally signed by
Reena K J
Date: 25-05-2026
16:12:57

ഡോ. റീന. കെ. ജെ.
ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

ശ്രീ. അനന്തൻ. ടി,
ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II,
താലൂക്ക് ആസ്ഥാന ആശുപത്രി
ചിറ്റൂർ, പാലക്കാട് ജില്ല.
(ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട് മുഖേന)

പകർപ്പ് :-

(1) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്.

(2) സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി, ചിറ്റൂർ, പാലക്കാട് ജില്ല.

(3) സീനിയർ സൂപ്രണ്ട്, ഇ. എഫ്. സെക്ഷൻ

(4) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്.

(5) ഫയൽ / കരുതൽ ഫയൽ.